റവന്യൂ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ

123(1189) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാം;

(ബി) പ്രസ്തുത പദ്ധതികൾക്കായി ഓരോ ബഡ്ജറ്റിലും വകയിരുത്തിയ തുകയെത്ര; പദ്ധതികളുടെ നടത്തിപ്പിനായി ഇതിനകം പിൻവലിക്കപ്പെട്ട തുക എത്ര; വിശദാംശം ലഭ്യമാക്കുമോ ;

(സി) കഴിഞ്ഞ് അഞ്ചു വർഷമായി റവന്യൂ വകുപ്പിൽ പ്രഖ്യാപിച്ചതും എന്നാൽ നടപ്പിലാക്കാൻ കഴിയാത്തതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ചുവടെ ചേർക്കുന്നു:

(1) 2012-13-ൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

(2) 2013-14-ൽ പ്രഖ്യാപിച്ച സ്മാർട്ട് റവന്യൂ വില്ലേജ് ഓഫീസുകൾ എന്ന പദ്ധതി

(3) 2015-16-ൽ റവന്യൂ വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം

(4) Integrated ഓൺലൈൻ പോക്കുവരവ് പദ്ധതി

(5) ഓൺലൈൻ നികുതി (Online Tax payment) സ്വീകരിക്കൽ സംവിധാനം

(6) റവന്യൂ സർവ്വേ അദാലത്ത്

(7) ഓൺലൈനായി 24 ഇനം സർട്ടിഫിക്കറ്റുകൾ നൽകുന്ന ഇ-ഡിസ്ട്രിക്ട് സംവിധാനം 14 ജില്ലകളിൽ വ്യാപിപ്പിച്ചു.

(ബി) പ്രസ്തുത പദ്ധതികൾക്കായി ഓരോ ബഡ്ജറ്റിലും വകയിരുത്തിയ തുക, പദ്ധതികളുടെ നടത്തിപ്പിനായി ഇതിനകം പിൻവലിക്കപ്പെട്ട തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) റവന്യൂ വകുപ്പിൽ പ്രഖ്യാപിത പദ്ധതികളെല്ലാം നടപ്പിലാക്കിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly